# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2281 — 09.03.2018-ൽ മറുപടിയ്ക്ക്

### കലാകാര പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഇ.പി.ജയരാജൻ :** | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി** |
| എ) കലാകാര പെൻഷൻ ലഭിക്കുവാൻ അർഹതയുള്ളവരുടെ വിഭാഗത്തിൽ പടയണി, തെയ്യം, മേളം കലാകാരന്മാരെ ഉൾപ്പെടുത്തി പ്രഖ്യാപനം വന്നതിനു ശേഷം പ്രസ്തുത വിഭാഗങ്ങളിൽ ഓരോന്നിലും എത്ര കലാകാരന്മാർക്ക് വീതം പെൻഷൻ അനുവദിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ;<br><br>ബി) എന്നുമുതൽക്കാണ് ഇവർക്ക് പെൻഷൻ വിതരണം ചെയ്തു തുടങ്ങിയതെന്ന് അറിയിക്കുമോ? | എ) & ബി) 08/11/99 ലെ സ.ഉ.(എം.എസ്.) 49/99/സി.എ.ഡി. നമ്പർ പ്രകാരം പടയണി, മേളം, തെയ്യം എന്നീ വിഭാഗത്തിൽപ്പെട്ട കലാകാരന്മാരെ കലാകാര പെൻഷന് ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് കലാകാര പെൻഷൻ പദ്ധതി ചട്ടങ്ങൾ ക്രോഡീകരിച്ച് പരിഷ്കരിച്ച് പുറപ്പെടുവിച്ച 11.08.2017 ലെ സ.ഉ.(കൈ) നം. 21/17/സാം.കാ.വ. നമ്പർ ഉത്തരവിലും ടി കലാരൂപങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 08.11.1999 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കലാ വിഭാഗത്തിൽപ്പെട്ട കലാകാരന്മാർക്ക് പെൻഷൻ അനുവദിച്ച് വന്നിരുന്നു. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പടയണി, തെയ്യം കലാകാരന്മാർ, മേള പ്രമാണിമാർ തുടങ്ങിയവർക്കും പെൻഷൻ അനുവദിക്കുന്നതാണ് എന്ന് പ്രസ്താവിച്ചിരുന്നു. ആയതിനുശേഷം 352 പേർക്ക് 06/03/18 ലെ സ.ഉ.(എം.എസ്.) 13/18/സി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പടയണി വിഭാഗത്തിൽ പുതുതായി 3 പേർക്കും തെയ്യം വിഭാഗത്തിൽ 9 പേർക്കും മേളം വിഭാഗത്തിൽ 16 പേർക്കും പെൻഷൻ പുതുതായി അനുവദിച്ചിട്ടുണ്ട്. ഇവർക്ക് 2018 ഫെബ്രുവരി മാസം മുതൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**